മി. സ്പീക്കർ : ജയിലിൽ കിടക്കുന്ന ആളിന് എന്തിനാണ് പരോൾ ? അതും മയക്കു മരുന്നുകാർക്ക്. അവൻ പുറത്തുവന്ന് മയക്കു മരുന്ന് കൊടുത്ത് ആളുകളെ കൊല്ലുകയില്ലേ ?

ശ്രീ. പി.. ജയരാജൻ : സർ, ആരും കുറ്റവാളികളായി ജനിക്കുന്നില്ല. സാഹചര്യങ്ങളാണ് അവരെ കുറ്റവാളികളാക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കര നാരായണൻ) : സർ, കണ്ണൂർ സെൻട്രൽ പ്രിസണിൽനിന്നും എ. മൊയ്തു എന്ന കൽക്കത്ത മൊയ്തു (മയക്കുമരുന്നു കുറ്റവാളി) അത്യാവശ്യ ഘട്ടങ്ങളിൽ പരോൾ അനുവദിച്ചു കിട്ടുവാൻവേണ്ടി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാന് സമർപ്പിച്ച അപേക്ഷ സർക്കാരിന് റിപ്പോർട്ടിനായി അയച്ചു തന്നിട്ടുണ്ട്. മയക്കുമരുന്ന് കുറ്റവാളികൾക്ക് പരോൾ അനുവദിക്കുന്നതിന് തടസ്സമായി നില്ക്കുന്നത്.....

മി. സ്പീക്കർ : മനുഷ്യാവകാശ കമ്മീഷനാണോ ഇതൊക്കെ തീരുമാനിക്കുന്നത് ?

ശ്രീ. കെ. ശങ്കര നാരായണൻ : ....452 ബിബി-6 എന്ന വകുപ്പാണ്.

മി. സ്പീക്കർ : മനുഷ്യാവകാശ കമ്മീഷന് ഇപ്പോൾ എന്തും ആകാമെന്നായോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, നിയമ വകുപ്പുമായി ആലോചിച്ച് ജയിൽ ചട്ടങ്ങളിലെ ആ വ്യവസ്ഥ ഭേദഗതി ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(5) മാങ്കാവ്-കണ്ണിപ്പറമ്പ് റോഡിന് പെരുമണ്ണയിൽ ബൈപ്പാസ്

ശ്രീ. യു. സി. രാമൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽക്കൂടി കടന്നു പോകുന്നതാണ് മാങ്കാവ്-കണ്ണിപ്പറമ്പ് റോഡ്. ഈ റോഡിന് പെരുമണ്ണ അങ്ങാടിയിൽ വളരെ വീതി കുറവാണ്. ഒരു വാഹനം ഒരു ദിശയിലേക്ക് പോകുകയാണെങ്കിൽ അവിടെനിന്ന് മറ്റ് വാഹനങ്ങൾക്ക് തിരിച്ചു പോകുവാൻ സാധിക്കാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്. കവണക്കല്ല് പാലം, അറപ്പുഴപ്പാലം, ഈ രണ്ട് പാലവും തുറന്നതോടുകൂടി മലപ്പുറം ജില്ലയിലേക്കും, പ്രത്യേകിച്ച് ഹജ്ജ് തീർത്ഥാടന സമയത്തൊക്കെ എയർപോർട്ടിലേക്കും ആളുകൾ പോകുന്നതിന് എളുപ്പവഴിയായി ഉപയോഗിക്കുന്നത് ഈ വഴിയാണ്. പെരുമണ്ണ അങ്ങാടിയിൽ ഒരു ബൈപ്പാസ് നിർമ്മിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അത് നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, പെരുമണ്ണ അങ്ങാടിയിൽ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്. അവിടെ വീതി കൂട്ടുക പ്രയാസമാണ്. ഭൂമി ഏറ്റെടുക്കൽ ഇനത്തിലും മറ്റും വമ്പിച്ച സാമ്പത്തിക ബാധ്യത വരും. അതിനാൽ ശാശ്വത പരിഹാരം എന്നുള്ള നിലയ്ക്ക് ബൈപ്പാസ് നിർമ്മാണം പരിഗണനയിലുണ്ട്. പ്രസ്തുത ബൈപ്പാസ് 450 മീറ്റർ നീളത്തിലും പതിനഞ്ച് മീറ്റർ വീതിയിലും നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 76 ലക്ഷം രൂപ അടങ്കൽ തുകയാണ് ഇതിനുവേണ്ടി കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly